# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നുകര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി11)179/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 17/05/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നുകര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി11)179/2022 തീയ്യതി: 17/05/2022

## എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഷാജിമോൻ കെ എ | ഡെപ്യൂട്ടി ഡയറക്ടർ | 22-01-2022 | 02-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-01-2022 | 02-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

അബ്ദുൾ സലാം ടി ഐ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ടെസ്സി എം, ഓഡിറ്റ് ഓഫീസർ
ഗോപകുമാർ എം എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ബെറ്റ്സി സി എക്സ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഫ്രാൻസിസ് തറയിൽ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ജെയിൻ വർഗീസ് പാത്താടൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുനിൽ പി എസ് | അസിസ്ററന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി സൂസൻ പോൾ | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ എബി വർഗീസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 12-06-2019 |
| ശ്രീമതി നബീല എം ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 13-06-2019 | 18-07-2019 |
| ശ്രീമതി വീണ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 19-07-2019 | 14-11-2019 |
| ശ്രീമതി നബീല എം ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 15-11-2019 | 16-12-2019 |
| ശ്രീ കൃഷ്ണകുമാർ ഒ എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 17-12-2019 | 31-03-2020 |
| ഡോ. മുഹമ്മദ് റഫീക്ക് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 05-06-2019 |
| ഡോ. റീന മാത്യു | മെഡിക്കൽ ഓഫീസർ, ഹോമിയോ | 06-06-2019 | 31-03-2020 |
| ഡോ. ജിൻസ ജോർജ് | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ.കൃഷ്ണ കുമാർ | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 01-04-2019 | 16-03-2020 |
| ഡോ. ടിന്റു സാറ രാജു | മെഡിക്കൽ ഓഫീസർ, പി എച്ച് സി | 17-03-2020 | 31-03-2020 |
| ഡോ. ഷെയ്ക്ക് അൻവർ കെ എസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2019 | 31-03-2020 |
| ശ്രീമതി സിനിമോൾ എൽ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 12-06-2020 |
| ശ്രീ സജീവ് കുമാർ പി ആർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 13-06-2019 | 31-03-2020 |
| ശ്രീ രാജേന്ദ്രൻ | വി.ഇ.ഒ കുന്നുകര | 01-04-2019 | 07-09-2019 |
| ശ്രീ വിമൽ രാജ് | വി.ഇ.ഒ കുന്നുകര | 08-09-2019 | 30-09-2019 |
| ശ്രീ സൂരജ് കെ എസ് | വി.ഇ.ഒ കുന്നുകര | 01-10-2019 | 31-10-2019 |
| ശ്രീമതി ടെസ്സി | വി.ഇ.ഒ കുന്നുകര | 01-11-2019 | 09-02-2020 |
| ശ്രീമതി റീന | വി.ഇ.ഒ കുന്നുകര | 10-02-2020 | 31-03-2020 |
| ശ്രീ വിമൽ രാജ് | വി.ഇ.ഒ ആറ്റുപുറം | 01-04-2019 | 05-10-2019 |
| ശ്രീമതി ടെസ്സി | വി.ഇ.ഒ ആറ്റുപുറം | 06-10-2019 | 09-02-2020 |

| | | | |
|---|---|---|---|
| ശ്രീ സുനിൽ രാജ് പി വി | വി.ഇ.ഒ ആറ്റുപുറം | 10-02-2020 | 05-03-2020 |
| ശ്രീമതി റീന | വി.ഇ.ഒ ആറ്റുപുറം | 06-03-2020 | 31-03-2020 |
| ശ്രീമതി ലക്ഷ്മിശ്രീ സി എസ് | കൃഷി ഓഫീസർ | 01-04-2019 | 03-07-2019 |
| ശ്രീമത് സൌമ്യ സണ്ണി | കൃഷി ഓഫീസർ | 04-07-2019 | 12-11-2019 |
| ശ്രീമതി വന്ദന ജി പൈ | കൃഷി ഓഫീസർ | 13-11-2019 | 31-01-2020 |
| ശ്രീമതി ലക്ഷ്മിശ്രീ | കൃഷി ഓഫീസർ | 01-02-2020 | 31-03-2020 |
| ശ്രീമതി മിനി പി എസ് | ഹെഡ്മിസ്ട്രസ്സ്, ജിഎൽപിഎസ് കുന്നുവയൽ | 01-04-2019 | 01-06-2019 |
| ശ്രീമതി മേരി ഷൈൻ കെ ജെ | ഹെഡ്മിസ്ട്രസ്സ്, ജിഎൽപിഎസ് കുന്നുവയൽ | 02-06-2019 | 03-08-2019 |
| ആഗ്നസ് യു ആർ | ഹെഡ്മിസ്ട്രസ്സ്, ജിഎൽപിഎസ് കുന്നുവയൽ | 04-08-2019 | 31-03-2020 |
| ശ്രീമതി എം എസ് സുജാത | ഹെഡ്മിസ്ട്രസ്സ്, സെന്റ് ജോസഫ് എൽപിഎസ് അയിരൂർ | 01-04-2019 | 09-06-2019 |
| ശ്രീമതി എം എൻ സുജാത | ഹെഡ്മിസ്ട്രസ്സ്, സെന്റ് ജോസഫ് എൽപിഎസ് അയിരൂർ | 10-06-2019 | 31-03-2020 |
| സുരജ കെ വി | ഹെഡ്മിസ്ട്രസ്സ്, ജിഎൽപിഎസ് | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.S.Gopakumar (Asst. Audit Officer, On 31-01-2022)<br>Last Updated By: Bindu L (Computer Assistant, On 17-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: M.S.Gopakumar (Asst. Audit Officer, On 26-01-2022)<br>Last Updated By: Bindu L (Computer Assistant, On 04-04-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 27-01-2022)<br>Last Updated By: Bindu L (Computer Assistant, On 04-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: M.S.Gopakumar (Asst. Audit Officer, On 26-01-2022)<br>Last Updated By: Bindu L (Computer Assistant, On 04-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 30-01-2022)<br>Last Updated By: Bindu L (Computer Assistant, On 17-05-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: M.S.Gopakumar (Asst. Audit Officer, On 26-01-2022)<br>Last Updated By: Bindu L (Computer Assistant, On 04-04-2022) | 1-5 |
| 7 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി MGNREGS<br>Written By: M.S.Gopakumar (Asst. Audit Officer, On 26-01-2022)<br>Last Updated By: Bindu L (Computer Assistant, On 04-04-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 26-01-2022)<br>Last Updated By: Bindu L (Computer Assistant, On 04-04-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Betsy C.X (Auditor, On 02-02-2022)<br>Last Updated By: Bindu L (Computer Assistant, On 04-04-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Abdul Salam T.I (Audit Officer, On 01-02-2022)<br>Last Updated By: Bindu L (Computer Assistant, On 05-04-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 04-02-2022)<br>Last Updated By: Bindu L (Computer Assistant, On 05-04-2022) | 1-10 |
| 12 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Betsy C.X (Auditor, On 03-02-2022)<br>Last Updated By: Bindu L (Computer Assistant, On 05-04-2022) | 1-11 |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Betsy C.X (Auditor, On 03-02-2022)<br>Last Updated By: Bindu L (Computer Assistant, On 05-04-2022) | 1-12 |
| 14 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Betsy C.X (Auditor, On 03-02-2022)<br>Last Updated By: Bindu L (Computer Assistant, On 05-04-2022) | 1-12-1 |
| 15 | ലൈസൻസ് ഫീ - കുറവ് ഈടാക്കിയിരിക്കുന്നു<br>Written By: Betsy C.X (Auditor, On 03-02-2022)<br>Last Updated By: Bindu L (Computer Assistant, On 05-04-2022) | 1-13 |
| 16 | ലൈസൻസ് - അപാകതകൾ<br>Written By: Betsy C.X (Auditor, On 03-02-2022)<br>Last Updated By: Bindu L (Computer Assistant, On 05-04-2022) | 1-13-1 |
| 17 | ലോഗ് ബുക്ക് പരിപാലനം | 1-14 |

| | | |
|---|---|---|
| | Written By: Abdul Salam T.I (Audit Officer, On 01-02-2022)<br>Last Updated By: Bindu L (Computer Assistant, On 05-04-2022) | |
| 18 | ജി.എസ്.ടി. ഈടാക്കിയിട്ടില്ല<br>Written By: Betsy C.X (Auditor, On 03-02-2022)<br>Last Updated By: Bindu L (Computer Assistant, On 05-04-2022) | 1-15 |
| 19 | മിനറൽ വാട്ടർ യൂണിറ്റ് - രജിസ്റ്റർ, സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല.<br>Written By: Betsy C.X (Auditor, On 03-02-2022)<br>Last Updated By: Bindu L (Computer Assistant, On 05-04-2022) | 1-16 |
| 20 | മരുന്ന് പൂർണ്ണമായി ലഭിച്ചില്ല<br>Written By: Tessy (Audit Officer, On 02-02-2022)<br>Last Updated By: Bindu L (Computer Assistant, On 05-04-2022) | 1-17 |
| 21 | സബ്സിഡി മാർഗ്ഗരേഖയിൽനിന്ന് വ്യതിചലിച്ച് ചെലവ് ചെയ്തു<br>Written By: Tessy (Audit Officer, On 02-02-2022)<br>Last Updated By: Bindu L (Computer Assistant, On 05-04-2022) | 1-18 |
| 22 | ചെലവു രേഖകൾ ഇല്ല- തുക തടസ്സപ്പെടുത്തുന്നു.<br>Written By: Tessy (Audit Officer, On 02-02-2022)<br>Last Updated By: Bindu L (Computer Assistant, On 05-04-2022) | 1-19 |
| 23 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടിലെ അപാകതകൾ<br>Written By: Tessy (Audit Officer, On 02-02-2022)<br>Last Updated By: Bindu L (Computer Assistant, On 05-04-2022) | 1-20 |
| 24 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി - അപാകതകൾ<br>Written By: Tessy (Audit Officer, On 02-02-2022)<br>Last Updated By: Bindu L (Computer Assistant, On 11-04-2022) | 1-21 |
| 25 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.<br>Written By: M.S.Gopakumar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bindu L (Computer Assistant, On 11-04-2022) | 1-22 |
| 26 | ഭിലായി നഗർ റോഡ് മെറ്റലിംഗ് & ടാറിംഗ്- റീടെൻഷൻ തുക രണ്ട് തവണ തിരികെ നൽകി<br>Written By: Abdul Salam T.I (Audit Officer, On 04-02-2022)<br>Last Updated By: Bindu L (Computer Assistant, On 11-04-2022) | 1-23 |
| 27 | സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ വിതരണം - സേവന സോഫ്റ്റ്‌വെയർ വഴിയുള്ള വിതരണത്തിലെ അപാകതകൾ<br>Written By: Betsy C.X (Auditor, On 03-02-2022)<br>Last Updated By: Bindu L (Computer Assistant, On 11-04-2022) | 1-24 |
| 28 | ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Betsy C.X (Auditor, On 03-02-2022)<br>Last Updated By: Bindu L (Computer Assistant, On 11-04-2022) | 1-25 |
| 29 | ശ്യാമപ്രസാദ് മുഖർജി റർബൻ മിഷൻ - പദ്ധതിയുടെ ലക്ഷ്യപ്രാപ്തി മോണിറ്ററിംഗ് നടത്തണം.<br>Written By: M.S.Gopakumar (Asst. Audit Officer, On 04-02-2022)<br>Last Updated By: Bindu L (Computer Assistant, On 11-04-2022) | 1-26 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഭിലായി നഗർ റോഡ് മെറ്റലിംഗ് & ടാറിംഗ്- റീടെൻഷൻ തുക രണ്ട് തവണ തിരികെ നൽകി<br>Written By: M.S.Gopakumar (Asst. Audit Officer, On 05-02-2022)<br>Last Updated By: Bindu L (Computer Assistant, On 11-04-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 26-01-2022)<br>Last Updated By: Bindu L (Computer Assistant, On 11-04-2022) | |
| 2 | സംയുക്ത പ്രൊജക്റ്റുകളുടെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bindu L (Computer Assistant, On 11-04-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കുകളുടെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bindu L (Computer Assistant, On 11-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: M.S.Gopakumar (Asst. Audit Officer, On 26-01-2022)<br>Last Updated By: Bindu L (Computer Assistant, On 11-04-2022) | 4-4 |
| 5 | വായ്പ -വായ്പ തിരിച്ചടവ്<br>Written By: M.S.Gopakumar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bindu L (Computer Assistant, On 11-04-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: M.S.Gopakumar (Asst. Audit Officer, On 02-02-2022)<br>Last Updated By: Bindu L (Computer Assistant, On 17-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.S.Gopakumar (Asst. Audit Officer, On 26-01-2022)<br>Last Updated By: Bindu L (Computer Assistant, On 11-04-2022) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 26-01-2022)<br>Last Updated By: Bindu L (Computer Assistant, On 12-04-2022) | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: M.S.Gopakumar (Asst. Audit Officer, On 26-01-2022)<br>Last Updated By: Bindu L (Computer Assistant, On 12-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Abdul Salam T.I (Audit Officer, On 01-02-2022)<br>Last Updated By: Bindu L (Computer Assistant, On 17-05-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 26-01-2022)<br>Last Updated By: Bindu L (Computer Assistant, On 12-04-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 18.03.2019-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 04.03.2020-ാം തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

2019-2020 പുതുക്കിയ ബജറ്റ് പ്രകാരം

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 57,58,256 | 30,98,41,105 | 31,55,99,361 | 30,70,32,321 | 85,67,040 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2019 – 2020 വാർഷിക ധനകാര്യപ്പത്രികയിലെ ഇൻകം & എക്സ് പെൻഡിച്ചർ പത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2019-2020 പുതുക്കിയ ബജറ്റ് പ്രകാരം | 2019-2020 വാർഷിക ധനകാര്യപത്രിക ( ഇൻകം & എക്സ് പെൻഡിച്ചർ) പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 30,98,41,105 | 9,53,85,007 | 21,44,56,098 |
| ചെലവ് | 30,70,32,321 | 9,56,30,523 | 21,114,01,798 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ വരവും തമ്മിൽ 21.45 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ ചെലവും തമ്മിൽ 21.11 കോടി രൂപയുടെയും വ്യത്യാസമുണ്ട്.

വിവിധ നികുതി- നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിൽ ഗണ്യമായ വ്യത്യാസം ഇല്ലെങ്കിലും, വായ്പായിനത്തിലും, സംസ്ഥാനാവിഷ്കൃതഗ്രാന്റിനത്തിലും പ്രതീക്ഷിത വരുമാനത്തിൽനിന്നും വളരെ കുറവാണ് യഥാർത്ഥവരവ് . ഇതുമൂലമാണ് ബജറ്റിലെ വരവ് കണക്കുകളുമായി യഥാർത്ഥ വരവിന് വലിയ വ്യത്യാസം വന്നിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യാഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.7.2020 | 28.05.2020 |

### 1-2-1 വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17474423 |
| വരവ് | 130125401 |
| ആകെ | 147599824 |
| ചെലവ് | 135035457 |
| നീക്കിയിരിപ്പ് | 12564367 |
| വരവ് നഷ്ടം | 2250 |
| ചെലവ് നഷ്ടം | 49,969 |

| | |
|---|---|
| തടസ്സപ്പെടുത്തിയ തുക | 20,99,056 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കി യിരുപ്പ് | ചെലവഴി ക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 23242095 | 23242095 | 9841193 | 0 | 13400902 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 8801000 | 8801000 | 2477423 | 0 | 6323577 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7909000 | 7909000 | 3384321 | 0 | 4524679 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3674000 | 3674000 | 2347501 | 0 | 1326499 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 8938203 | 8938203 | 4306902 | 0 | 4631301 |
| കേന്ദ്രാവിഷ്കൃതഫണ്ട് - | | | | | | |
| എൻ.ആർ.ഇ.ജി.എസ് 320 100 101-Admin.Exp EFMS | 1461 | 1187086 | 1188547 | 1186111 | 2436 | |
| | 0 | 25227047 | 25227047 | 25227047 | 0 | |
| ICDS- 320 100 121 | 865251 | 1009489 | 1874740 | 492955 | 1381785 | |
| TSC- 320 100 115 | 10806 | 234 | 11040 | 11040 | 0 | |
| Centrally Sponsored Programs- 320 100 199 | 104850 | 77935420 | 78040270 | 77404292 | 635978 | |
| Centrally Sponsored Programs- 320 100 199 | 40150 | 0 | 40150 | 40150 | 0 | |
| സംസ്ഥാനാവിഷ്കൃതഫണ്ട് - | | | | | | |
| 320 200 301 വിമുക്തി | 12500 | 3000 | 15500 | 12200 | 3300 | |
| 320 200 302 MN -Housing TRY TSB | 500 | 0 | 500 | 0 | 500 | |
| 320 200 309 സാക്ഷരത മിഷൻ ഫണ്ട് | 1025 | 42 | 1067 | 0 | 1067 | |
| 320 200 322 ശുചിത്വ മിഷൻ ഫണ്ട് | 1755300 | 0 | 1755300 | 381300 | 1374000 | |
| 320 200 399-Buds School State Sponsored Program | 1406623 | 56827 | 1463450 | 0 | 14,63,450 | |
| 320 300 199 Other Government Agencies | 27851 | 213137 | 240988 | 221082 | 19906 | |

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം വരവ് | ചെലവ് | ചെലവഴി ക്കാതെ ലാപ്സായ തുക | ചെലവഴി ക്കാതെ ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 23242095 | 9841193 | 13400902 | 57.66% |
| വികസന ഫണ്ട് (എസ്.സി.പി) | 8801000 | 2477423 | 6323577 | 71.85% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 7909000 | 3384321 | 4524679 | 57.21% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3674000 | 2347501 | 1326499 | 36.11% |
| ധനകാര്യ കമ്മീഷൻ | 8938203 | 4306902 | 4631301 | 51.81% |

| | | | | |
|---|---|---|---|---|
| അവാർഡ് (Untied) | | | | |

2019-20 സാമ്പത്തിക വർഷം ബജറ്റ് പ്രകാരം പഞ്ചായത്തിന് അലോട്ട് ചെയ്ത ഗ്രാന്റുകളിൽ മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) എന്ന ഇനത്തിലൊഴിച്ച് ബാക്കി എല്ലാ ഫണ്ടിനങ്ങളിലും അൻപത് ശതമാനത്തിലധികം തുകയും ലാപ്സാകുകയാണുണ്ടായത്. കോവിഡ് -19 ന്റെ പ്രത്യേകസാഹചര്യത്തിലാണ് ഇങ്ങനെയുണ്ടായത് എന്ന് സാമാന്യേന പറയാമെങ്കിലും, കോവിഡ് -19 ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ ആരംഭിച്ചത് 2020 മാർച്ച് മദ്ധ്യവാരം മുതലാണ്. 2019 2020 സാമ്പത്തികവർഷം പദ്ധതി ആസൂത്രണനടപടി ക്രമം ആരംഭിക്കുന്നത് 2019 മാർച്ച് മുതലാണ്. 2019 ഏപ്രിൽ മുതൽ 2019 ജൂൺ വരെയുള്ള കാലയളവിൽത്തന്നെ പദ്ധതികൾക്ക് ജില്ലാ ആസൂത്രണസമിതിയുൾപ്പെടെയുള്ള ഘടകങ്ങളുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ടെൻഡർ നടപടിക്രമങ്ങൾ 2019 ജൂലൈ മുതൽ 2019 ഒക്ടോബർ വരെയുള്ള കാലയളവിൽ പൂർത്തിയാക്കി മരാമത്ത് പ്രവൃത്തികളുടെ എഗ്രിമെന്റ് വെയ്ക്കുകയും, മരാമത്തിതര പ്രവൃത്തികളുടെ നിർവ്വഹണനടപടിക്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്വാഭാവികമായി 2020 ഫെബ്രുവരി മാസത്തിനകം 70% മേൽ പ്രൊജക്ടുകളും പൂർത്തീകരിക്കാനുള്ള സാഹചര്യം ഉണ്ടായിരുന്നുവെങ്കിലും, മരാമത്ത് ഉൾപ്പെടെയുള്ള ഭൂരിഭാഗം പ്രൊജക്ടുകളുടെയും നിർവ്വഹണം സാമ്പത്തികവർഷാവസാനം വരെ നീട്ടിക്കൊണ്ടുപോയതുകൊണ്ടാകണം പ്രൊജക്ടുകൾ പൂർണ്ണമായി നടപ്പാകാതെ അൻപതുശതമാനത്തിലധികം തുകയും ലാപ്സായിപ്പോയ ഒരു സാഹചര്യമുണ്ടായത്. പദ്ധതി ആസൂത്രണനിർവ്വഹണം സംബന്ധിച്ച് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിർവ്വഹണകലണ്ടർ കൃത്യമായി പാലിക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും കാണുന്ന അലംഭാവം ഗ്രാന്റുകൾ ലാപ്സായിപ്പോകുന്നതിന് ഇടവരുത്തുന്നതായി നിരീക്ഷിക്കുന്നു.

വാർഷിക ധനകാര്യപത്രികയിലെ RP-7 ഷെഡ്യൂളിലെയും, I-6 ഷെഡ്യൂളിലെയും ചെലവ് തുകകൾ തമ്മിലുള്ള വ്യത്യാസം

| ഫണ്ടിനം | RP-7 ഷെഡ്യൂൾ പ്രകാരം | I-6 ഷെഡ്യൂൾ പ്രകാരം | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 9841193 | 10022167 | (+)180974 |
| വികസന ഫണ്ട് (എസ്.സി.പി) | 2477423 | 2521541 | (+) 44118 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 3384321 | 2794633 | (-)589688 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 2347501 | 1942234 | (-)405267 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 4306902 | 2871050 | (-)1435852 |

1. വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേമെന്റ് പത്രികയിലെ RP-7 ഷെഡ്യൂളിൽ വിവിധയിനം സർക്കാർ ഗ്രാന്റിനങ്ങളിലെ ചെലവ് തുകയോട് ലൈഫ് മിഷൻ പദ്ധതിക്കുവേണ്ടി എടുത്തിട്ടുള്ള വായ്പ തുകയുടെ തിരിച്ചടവ്, അങ്കണവാടി അദ്ധ്യാപകർക്കുള്ള അധിക ഓണറേറിയം, വാട്ടർ ചാർജ്ജ് കുടിശ്ശിക തിരിച്ചടവ് എന്നിവയ്ക്കുവേണ്ടി വികസനഫണ്ടിന്റെ സ്രോതസ്സിൽ തന്നെ ഫണ്ട് കുറവ് വരുത്തൽ, അല്ലെങ്കിൽ സർക്കാർ നിർദ്ദേശപ്രകാരമുള്ള മറ്റ് ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടിയുള്ള ചെലവ് എന്നീ ഇനങ്ങളിൽ ചെലവ് വന്നിട്ടുണ്ടെങ്കിൽ ആ ചെലവ് കൂടി കൂട്ടിയ തുകയിൽ നിന്ന് ക്യാപിറ്റൽ എക്സ് പെൻഡിച്ചർ ആയ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയശേഷം ബാക്കി വരുന്ന റവന്യൂ എക്സ് പെൻഡിച്ചർ മാത്രമാണ് I-6 ൽ അതത് ഹെഡ് ഓഫ് അക്കൗണ്ടിൽ വരേണ്ടത്. ഇവിടെ 1,94,985/- രൂപയാണ് വിവിധ ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടി മാറ്റിയത്.

2. 2019-20 വർഷത്തെ ബാലൻസ് ഷീറ്റിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (312 100 101) എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 01.04.2019-ൽ മുന്നിരുപ്പ് കാണിച്ചിരിക്കുന്നത് 5,77,17,532/-രൂപയാണ്. ഇതേ ഹെഡ് ഓഫ് അക്കൗണ്ടിൽ 31.03.2020-ൽ നീക്കിയിരുപ്പ് കാണിച്ചിരിക്കുന്നത് 13,79,14,125/-രൂപയാണ്. ഈ ഹെഡ് ഓഫ് അക്കൗണ്ടിലെ മുന്നിരിപ്പും (01.04.2019), നീക്കിയിരിപ്പും (31.03.2020) തമ്മിലുള്ള വ്യത്യാസം 8,01,96,593/- രൂപയാണ്.അതായത് തൻവർഷം ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ ഇനത്തിൽ വിവിധ ഫണ്ടിനങ്ങളിൽ നിന്ന് ഈ ഹെഡിലേക്ക് മാറ്റിയിട്ടിരിക്കുന്ന ആകെ തുക 8,01,96,593/- രൂപയാണ്.

മേൽപ്പറഞ്ഞ പ്രകാരമുള്ള കണക്കുകളുടെ വിശദാംശം താഴെക്കൊടുക്കുന്നു.

| ഫണ്ടിനം | As Per RP-7 | കൂട്ടുക- ജി.ഒ പ്രൊജക്ടുകൾക്കുവേണ്ടി നീക്കിവെച്ച തുക | കുറയ്ക്കുക- ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റിയ തുക | As Per I-6 | Remarks |
|---|---|---|---|---|---|
| Dev.Fund -General | 9841193 | 150867 | 30107 | 10022167 | |

| | | | | | |
|---|---|---|---|---|---|
| Dev.Fund -SCP | 2477423 | 44118 | 0 | 2521541 | |
| Maintanence Grant (Non Road) | 3384321 | | 589688 | 2794633 | |
| Maintanence Grant (Non Road) | 2347501 | | 405267 | 1942234 | |
| Central Finance Commission Grant(Untied) | 4306902 | | 1435852 | 2871050 | |
| Cenrtally Sponsored Schemes | | | 77443136 | | |
| Total Sanitation | | | 150000 | | |
| Joint Venture -Block Panchayat (Capital) | | | 142543 | | |
| ആകെ | | 194985 | 8,01,96,593 | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 183 | 89292595 | 77 | 87 | 31842265 | 19 | 77 | 42 % |

വിവിധ മേഖലകളിലായി 19 പ്രൊജക്ടുകൾ നടപ്പാക്കാതെ ഉപേക്ഷിച്ചു. ഭാഗികമായി നടപ്പാക്കിയ പ്രൊജക്ടുകൾ അടുത്ത വർഷം സ്പിൽഓവറായി നടപ്പാക്കിയിട്ടുണ്ട്.

## 1-6 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി MGNREGS

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1461 | 1187086 | 1188547 | 1186111 | 2436 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25228047 | 25228047 | 25228047 | 0 |
| ആകെ | 1461 | 26415133 | 26416594 | 26414158 | 2436 |

| തൊഴിൽ കാർഡ് നല്കപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | തൊഴിൽ നല്കപ്പെട്ടവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|
| ജനറൽ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ആകെ | | | ജനറൽ | പട്ടിക ജാതി | പട്ടിക വർഗ്ഗം | ആകെ | |
| 2423 | 624 | - | 3047 | 1299 | 1105 | 43026 | 12321 | - | 55347 | 108 |

100 ദിവസം തൊഴിൽദിനങ്ങൾ പൂർത്തിയാക്കിയ 108 തൊഴിലാളികൾക്ക് 1000/- രൂപ വീതം 1,08,000/- രൂപ 2020-2021 വർഷം നല്കിയിട്ടുണ്ട്.

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 377 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 281 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 22440 | 31 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3688800 | 606 |
| വിധവാപെൻഷൻ | 5053200 | 875 |
| വാർദ്ധക്യകാലപെൻഷൻ | 10069200 | 1739 |
| വികലാംഗപെൻഷൻ | 1721300 | 187 |
| 50 വയസ്സിന മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 309000 | 59 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 180000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.01.2022-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4047/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്.

1. നിർവ്വഹണഉദ്യോഗസ്ഥർക്ക് നല്കുന്ന രസീതുബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുകയോ, വാർഷിക സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

4. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

5. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. 2019-20സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച പദ്ധതികളിൽ ഭാഗികമായി പൂർത്തിയാക്കിയ 87 എണ്ണമുൾപ്പെടെ 164 എണ്ണമാണ് നടപ്പാക്കിയിട്ടുള്ളത്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പല പദ്ധതികളും നടപ്പാക്കിയിട്ടില്ല. പഞ്ചായത്തിന്റെ വിവിധ നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്. പതിമൂന്നാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (29.01.2018 ലെ സ.ഉ(കൈ)നം. 11/2018/തസ്വഭവ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലുകളിൽ സൂക്ഷിച്ചതായി കാണുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2020 | ഡിസംബർ 2019 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.12.2009 | 2004-05 മുതൽ 2008-09 വരെ | 07.01.2010 |

## 1-11 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. മാനവൽ രസീത് ബുക്കുകൾ ഉപയോഗിക്കുന്നതിന് മുമ്പ് ഓരോ രസീത് ബുക്കിലുമുള്ള പേജുകളുടെ എണ്ണം സംബന്ധിച്ച സാക്ഷ്യപത്രം രേഖപ്പെടുത്തി സെക്രട്ടറി/അക്കൗണ്ടന്റ്/ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഒപ്പ് വച്ചിട്ടില്ല.

2. രസീത് ബുക്കുകൾ കൈപ്പറ്റുന്ന ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും പൂർണ്ണമായ കൈയ്യൊപ്പും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ഇത് ശ്രദ്ധിക്കേണ്ടതാണ്.

3. സാമ്പത്തിക വർഷത്തിന് ശേഷം ബാക്കി വരുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

4. ക്യാൻസൽ ചെയ്ത രസീത് നമ്പറുകൾ കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

5. രസീതുകളിൽ കളക്ഷൻ തീയതി രേഖപ്പെടുത്തേണ്ടതാണ്.

6. ക്യാൻസൽ ചെയ്ത രസീതുകൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി, സൂക്ഷിക്കേണ്ടതാണ്.

7. രസീത് ബുക്കുകൾ ക്രമ നമ്പറനുസരിച്ച് തന്നെ ഇഷ്യു ചെയ്യേണ്ടതാണ്.

8. കളക്ട് ചെയ്ത തുക തിരികെ നൽകിയതുമൂലം ഉപയോഗശൂന്യമായ രസീതുകൾ, ക്യാൻസൽ ചെയ്യാതെ സൂക്ഷിക്കുന്നു ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ഇത് ശ്രദ്ധിക്കേണ്ടതാണ്.

ഉദാ-രസീത് ബുക്ക് നം.54890 ലെ രസീത്. നം. 25

9. രസീതിലും കളക്ഷൻ രജിസ്റ്ററിലും രേഖപ്പെടുത്തുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

ഉദാ-രസീത് ബുക്ക് നം.54890 ലെ രസീത്. നം. 22

രസീത് സംബന്ധമായ അപാകതകളെല്ലാം പരിഹരിക്കാൻ വേണ്ട നടപടിയെടുത്ത് അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1. കുന്നുകര ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ, 2019-20 സാമ്പത്തിക വർഷത്തിൽ, ലൈസൻസ് രജിസ്റ്റർ പ്രകാരം, രണ്ടിലധികം പേർ തൊഴിലെടുത്തതായി കാണുന്നു. എന്നാൽ ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുവരുത്തേണ്ടതാണ്.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം. | അർദ്ധവർഷം |
|---|---|---|---|
| 1 | സെന്റ് മേരീസ് ടിമ്പർ ഇൻഡസ്ട്രീസ്. | 2/19-20 | I & II |
| 2 | സെൻട്രൽ ഓട്ടോമൊബൈൽസ്, ചുങ്കം. | 10/19-20 | I & II |
| 3 | മേരിമാതാ എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് | 15/19-20 | I & II |
| 4 | റോയൽ എഞ്ചിനീയറിംഗ് വർക്ക്സ്, സൗത്ത് അടുവാശ്ശേരി | 19/19-20 | I & II |
| 5 | ഡിസയർ പാക്കേജിംഗ്, മലായിക്കുന്ന്. | 20/19-20 | I & II |
| 6 | കൊച്ചിൻ സ്പ്ലിന്റ്സ്, മലായിക്കുന്ന്. | 26/19-20 | I & II |
| 7 | മാതാ ഫുഡ്സ്, അത്താണി, മാഞ്ഞാലി റോഡ് | 28/19-20 | I & II |
| 8 | വിതയത്തിൽ ഇൻഡസ്ട്രീസ്, അയിരൂർ. | 29/19-20 | I & II |
| 9 | എെഡിയൽ പ്ലാസ്റ്റിക്ക്സ്, സൗത്ത് അടുവാശ്ശേരി | 30/19-20 | I & II |
| 10 | ആര്യ ഇന്റീരിയേഴ്സ്, കുത്തിയതോട്. | 38/19-20 | I & II |
| 11 | ഗ്രീൻവാലി കോണ്ടിമെന്റ്സ്, അയിരൂർ. | 63/19-20 | I & II |
| 12 | ഗ്രീൻവാലി കോണ്ടിമെന്റ്സ് I, അയിരൂർ. | 64/19-20 | I & II |
| 13 | യുണീക്ക് പെട്രോളിയം | 66/19-20 | I & II |
| 14 | സുപ്രീം പോളി ഇംപക്സ്, അത്താണി പറവൂർ റോഡ്. | 83/19-20 | I & II |
| 15 | പ്ലാസ്റ്റ് ഒ പ്ലാക്സ്,അത്താണി പറവൂർ റോഡ്. | 84/19-20 | I & II |

| | | | |
|---|---|---|---|
| 16 | സ്പീഡ് സ്പോർട്ട്സ് വെയേഴ്സ്, കുറുമ്മാശ്ശേരി, കണക്കൻകടവ്. | 103/19-20 | I & II |
| 17 | പെർഫെക്ട് ട്രേഡേഴ്സ്, കുത്തിയതോട്- കണക്കൻ കടവ് റോഡ്. | 277/19-20 | I & II |
| 18 | കോക്കനട്ട് ഹോളിഡെയ്സ്, കണക്കൻകടവ്- മാള റോഡ്. | 312/19-20 | I & II |
| 19 | പ്രിയ അമ്പ്രല്ല, കുറുമ്മശ്ശേരി- അയിരൂർ -റോഡ്. | 173/19-20 | I & II |

2) പഞ്ചായത്തിലെ കരാറുകാരിൽ നിന്നും 2019-20 സാമ്പത്തിക വർഷത്തിൽ, തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുവരുത്തേണ്ടതാണ്.

## 1-12-1 തൊഴിൽ നികുതി - അപാകതകൾ

തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടേയും കമ്പനികളുടേയും തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ വ്യക്തികളുടേയും വാർഡ് അടിസ്ഥാനത്തിലുള്ള പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തദ്ദേശസ്വയംഭരണസ്ഥാപനം സൂക്ഷിക്കേണ്ടതാണ്. ഈ രജിസ്റ്റർ അനുസരിച്ച് ശമ്പളത്തിന്റെ/വരുമാനത്തിന്റെ വിവരങ്ങളടക്കം ജീവനക്കാരുടെ പേര് വിവരങ്ങൾ അടങ്ങിയ പത്രിക സമർപ്പിക്കുകയും നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടേയും നികുതി ചുമത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൊഴിലുടമയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനം നോട്ടീസ് നൽകേണ്ടതുമാണ്. എന്നാൽ നികുതി അടവാക്കിയിരിക്കുന്നവരുടെ പേര് വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ മാത്രമാണ് ഇവിടെ സൂക്ഷിച്ച് വരുന്നത്.

മേൽപറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്. തനതുവരുമാനത്തിന്റെ പ്രധാന സ്രോതസ്സുകളിലൊന്നാണ് തൊഴിൽ നികുതിയെന്നതിനാൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

## 1-13 ലൈസൻസ് ഫീ - കുറവ് ഈടാക്കിയിരിക്കുന്നു

1. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ കുറവായി ഈടാക്കിയിരിക്കുന്നു.

| ക്രമ നം | സ്ഥാപനം | കുതിര ശക്തി | അടച്ച ഫീ/ രശീത് നമ്പർ | അടയ്ക്കേണ്ട ഫീ | ബാക്കി |
|---|---|---|---|---|---|
| 1 | ഡിസയർ പാക്കേജിംഗ്, മലായിക്കുന്ന്. | 75 HP | 100 118060104528 തീ. 26.2.19 | 1000 | 900 |
| 2 | മാത്തിപ്പറമ്പിൽ എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ്, വയൽക്കര. | 10 HP | 50 118060104562 തീ.28.02.19 | 100 | 50 |
| 3 | യാഹിയ പാവിംഗ് ടൈൽസ്, വയൽക്കര. | 15 HP | 100 118060104566 28.02.19 | 200 | 100 |
| 4 | എെഡിയൽ പ്ലാസ്റ്റിക്ക്, സൗത്ത് അട്ടുവാശ്ശേരി | 99.5 HP | 150 118060104584 തീ.28.02.19 | 1000 | 850 |
| 5 | സെന്റ്. തോമസ് ഫ്ലവർ മിൽ, ആറ്റുപുറം. | 10HP | 50 118060104770 തീ.13.03.19 | 100 | 50 |
| 6 | ഉണ്ണികൃഷ്ണ എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ്, സൗത്ത് അട്ടുവാശ്ശേരി | 7HP | 50 118060104771 തീ.13.03.19 | 100 | 50 |

| | | | | | |
|---|---|---|---|---|---|
| 7 | പ്ലാക്കൂട്ടത്തിൽ ഫ്ലവർ മിൽ, സൗത്ത് അടുവാശ്ശേരി | 7.75HP | 50 118060104529 തീ.26.02.19 | 100 | 50 |
| 8 | മേനാച്ചേരി ഇൻഡസ്ട്രീസ്, നോർത്ത് കുത്തിയതോട്. | 25HP | 100 118060104415 തീ.21.02.19 | 300 | 200 |
| | ആകെ | | | | 2250/- |

കുറവായി ഈടാക്കിയ തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കുവരുത്തുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13-1 ലൈസൻസ് - അപാകതകൾ

ജി.ഒ(പി) നമ്പർ 80/2017 തസ്വഭവ തീയതി, 31.10.2017 പ്രകാരമുള്ള ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. അതിൻപ്രകാരം സ്ഥാപനങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസുകളായി തരംതിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ 2019-20 സാമ്പത്തിക വർഷം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്. ഇതിനോടനുബന്ധിച്ച് വിശദീകരണത്തിനായി എൻക്വയറി (നം.12/01.02.22) കൊടുത്തെങ്കിലും വിശദീകരണം ലഭ്യമാക്കിയില്ല. പഞ്ചായത്ത് കമ്മിറ്റി തീരുമാനം (27.03.2018) മാത്രമാണ് ലഭ്യമാക്കിയത്. പഞ്ചായത്ത് കമ്മിറ്റിയിൽ (27.03.2018), 2017-18 സാമ്പത്തിക വർഷത്തിൽ 100/- രൂപ ഒടുക്കിയവരിൽ നിന്നും 200/- രൂപയും 200/- രൂപ ഒടുക്കിയവരിൽ നിന്നും 300/- രൂപയും 300/-രൂപ ഒടുക്കിയവരിൽ നിന്നും 400/- രൂപയും 400/- രൂപ ഒടുക്കിയവരിൽ നിന്നും 500/- രൂപയും ഈടാക്കണമെന്ന് തീരുമാനിച്ചതായി കാണുന്നു. ലൈസൻസ് ഫീസ് ഈടാക്കുന്ന ക്രമത്തേക്കുറിച്ച് ലൈസൻസ് സെക്ഷൻ വ്യക്തമായ ഒരു മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ലൈസൻസ് ഫീസിനത്തിൽ ലഭ്യമായിരിക്കുന്ന വരുമാനം പ്രസ്തുത സർക്കാർ ഉത്തരവിനനുസരിച്ച് കൃത്യമാണോയെന്ന് വ്യക്തമല്ല. സർക്കാർ ഉത്തരവനുസരിച്ച് ലൈസൻസ് ഫീസ് ഈടാക്കാൻ വേണ്ട നടപടി കൈക്കൊള്ളേണ്ടതാണ്.

## 1-14 ലോഗ് ബുക്ക് പരിപാലനം

1) പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തിയതായി കാണുന്നില്ല. ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തിയിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്.

2) വാഹനത്തിൽ ഇന്ധനം നിറച്ച തീയതി, നിറച്ച സമയത്തെ കിലോമീറ്റർ റീഡിംഗ് എന്നിവ രേഖപ്പെടുത്തുന്നുണ്ടെങ്കിലും നിറച്ച ഇന്ധനത്തിന്റെ അളവ്, ഫുൾ ടാങ്ക് ഇന്ധനമാണോ നിറച്ചത് എന്ന വിവരം, കസ്റ്റോഡിയൻ ഓഫീസറുടെയോ ചുമതലപ്പെടുത്തുന്ന ഉദ്യാഗസ്ഥന്റേയോ സാക്ഷ്യപ്പെടുത്തൽ എന്നിവ ലോഗ് ബുക്കിൽ രേഖപ്പടുത്തിയിട്ടില്ല.

3) ലോഗ് ബുക്കിൽ വാഹനം സഞ്ചരിച്ച ദൂരം, സന്ദർശിച്ച സ്ഥലങ്ങൾ, സമയം, കിലോമീറ്റർ റീഡിംഗ് എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും പല പേജുകളിലും രേഖപ്പെടുത്തിയ വിവരങ്ങൾ പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) തൻമാസത്തെ ഇന്ധന ഉപയോഗം, ആകെ യാത്ര ചെയ്ത ദൂരം എന്നിവ സംബന്ധിക്കുന്ന സംക്ഷിപ്തക്കുറിപ്പ് ഓരോ മാസത്തിന്റെയും അവസാനം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

വാഹനത്തിന്റെ ഉപയോഗത്തിൽ ജി.ഒ(എം.എസ്)നം.170/07തസ്വഭവ 30.6.2007 ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-15 ജി.എസ്.ടി. ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ ഓഡിറ്റോറിയം/ഹാൾ -ന്റെ വാടകയിനത്തിൽ പഞ്ചായത്തിലേക്ക് ലഭ്യമായിരിക്കുന്ന വരുമാനത്തിന്മേൽ ചരക്ക് സേവന നികുതി, പ്രളയസെസ്, എന്നിവ ഈടാക്കിയിട്ടില്ല. വാടകയിനത്തിലുള്ള വരുമാനത്തിന്മേലുള്ള ടി ചരക്ക് സേവന നികുതി ഉത്തരവാദിത്തപ്പെട്ടവരിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## 1-16 മിനറൽ വാട്ടർ യൂണിറ്റ് - രജിസ്റ്റർ, സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്തുകൾ അവയുടെ പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന മിനറൽ വാട്ടർ യൂണിറ്റുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ (യൂണിറ്റിന്റെ പേര്, ഉത്പന്നത്തിന്റെ പേര്, തൊഴിലാളികളുടെ എണ്ണം, രജിസ്റ്റർ ചെയ്ത തീയതി, ലൈസൻസ് നൽകിയ തീയതി, ഉൽപ്പാദനക്ഷമത തുടങ്ങിയവ) അടങ്ങിയ ഒരു രജിസ്റ്റർ തയ്യാറാക്കി (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ സർക്കുലർ നം.സി-4/33671/14 തീ.19.12.2014) സൂക്ഷിക്കേണ്ടതാണ്. ഭൂഗർഭ ജലം ഉപയോഗിക്കുന്ന കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾക്ക് ലൈസൻസ് നൽകുന്നതിന് മുൻപ്, ശുദ്ധജലമാണെന്ന് ഉറപ്പാക്കുന്ന സാക്ഷ്യപത്രം ഭൂജലവകുപ്പിൽ നിന്നും ലഭ്യമാക്കേണ്ടതാണെന്നിരിക്കെ, കോമ്പാറ ഫ്രെഷ്, ആറ്റുപുറം, അയിരൂർ പി.ഒ. എന്ന സ്ഥാപനത്തിന് ഭൂജലവകുപ്പിന്റെ സാക്ഷ്യപത്രമില്ലാതെ ലൈസൻസ് നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച് ഓഡിറ്റ് വേളയിൽ സെക്ഷനോട് നേരിട്ട് അന്വേഷിച്ചപ്പോൾ, ടി സ്ഥാപനം 11.03.2019-ൽ ഭൂജലവകുപ്പിന് (ജില്ലാ ഓഫീസ്, പൂങ്കുന്നം പി.ഒ., തൃശ്ശൂർ) പ്രസ്തുത സാക്ഷ്യപത്രം ലഭിക്കുന്നതിനായി 10,000/-രൂപ (ഡി.ഡി. നം. 953462/08.03.2019, സൗത്ത് ഇൻഡ്യൻ ബാങ്ക്, അയിരൂർ.) ഫീസിനത്തിൽ അടവാക്കിയിട്ടുണ്ടെന്നും (രസീതിന്റെ കോപ്പി ഹാജരാക്കിയിട്ടുണ്ട്) ഇതേ വരെ ടി സാക്ഷ്യപത്രം സ്ഥാപനത്തിന് ഭൂജലവകുപ്പ് ലഭ്യമാക്കിയിട്ടില്ലെന്നും സ്ഥാപന ഉടമ അറിയിച്ചതായി മറുപടി നൽകി. ശുദ്ധജലമാണെന്ന് ഉറപ്പാക്കുന്ന സാക്ഷ്യപത്രം ഭൂജലവകുപ്പിൽ നിന്നും ലഭ്യമാക്കി, പഞ്ചായത്തിൽ ഹാജരാക്കുവാൻ ടി സ്ഥാപനത്തിന് നിർദ്ദേശം കൊടുക്കേണ്ടതും, തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-17 മരുന്ന് പൂർണ്ണമായി ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ പി എച്ച് സി കുന്നകര നിർവ്വഹണ ഉദ്യോഗസ്ഥനായി വയോജനങ്ങൾക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നമ്പർ 23/19-20) ആകെ 4,99,668/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്കുള്ള മരുന്ന് മുഴുവനായും ലഭിച്ചിട്ടില്ല. തുക നൽകിയതിന്റെയും മരുന്ന് ലഭിക്കാനുള്ളതിന്റെയും വിശദവിവരം താഴെ ചേർക്കുന്നു.

| ബിൽനമ്പർ തീയതി | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയ തുക |
|---|---|
| 9501402555/4.3.2020 | 49668 |
| 9501089956/16.1.2020 | 450000 |
| ആകെ | 499668 |

മരുന്ന് ലഭിച്ചതിന്റെ വിശദവിവരം

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 696/16.4.20 | 80513 |
| 699/16.4.20 | 80513 |
| 12690/28.3.20 | 48162 |
| 12693/28.3.20 | 13974 |
| 0704302/193508/19.2.20 | 49668 |
| 1542/4.5.20 | 7192 |
| 5556/25.8.2021 | 80652 |
| 5554/25.8.2021 | 60521 |
| 5561/25.8.21 | 24405 |
| 5559/25.8.21 | 12380 |
| 7644/19.10.21 | 18494 |
| ആകെ | 476474 |

ആകെ 23,194/- രൂപയുടെ മരുന്ന് ഇതുവരെയും ലഭ്യമായിട്ടില്ല. 2020 – ൽ തുക നൽകിയെങ്കിലും മാസങ്ങൾ കൊണ്ടാണ് മരുന്നുകൾ ലഭിച്ചിരിക്കുന്നത്. വൃദ്ധരായ ആളുകൾക്കാണ് മരുന്നു നൽകാൻ ഉദ്ദേശിച്ചിരിക്കുന്നതെന്നതിനാൽ സമയത്ത് ലഭിച്ചില്ലെങ്കിൽ ഉദ്ദേശ്യം ഫലപ്രാപ്തിയിൽ എത്തില്ല. മരുന്നുകൾ എത്രയും വേഗം ലഭിക്കുവാനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 സബ്സിഡി മാർഗ്ഗരേഖയിൽനിന്ന് വ്യതിചലിച്ച് ചെലവ് ചെയ്തു

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി എസ് 0137/20 നമ്പർ പ്രോജക്ട് പ്രകാരം ഭിന്നശേഷി കുട്ടികളുടെ കലോത്സവം എന്ന പ്രോജക്ട് നടപ്പാക്കിയിട്ടുണ്ട്. ആകെ 75,000/- രൂപ ചെലവാക്കിയിട്ടുള്ള പ്രസ്തുത പ്രോജക്ട് നടപ്പാക്കുന്നതിന് തനത് ഫണ്ട് മാത്രമാണ് ചെലവാക്കിയിരിക്കുന്നത്.

13-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.7 (4) പ്രകാരം തനത് ഫണ്ട് ചെലവാക്കി നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് സബ്സിഡി മാർഗ്ഗരേഖയിലും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും പറഞ്ഞ നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്. സബ്സിഡി മാർഗ്ഗരേഖ 7.1.14 പ്രകാരം ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്ഥാപനതല കായിക – കലാമത്സരങ്ങൾ ഓരോ വർഷവും സംഘടിപ്പിക്കേണ്ടതും ആയതിന് റിഫ്രഷ്മെന്റ് , ഉച്ചഭക്ഷണം, സമ്മാനങ്ങൾ പ്രോത്സാഹന സമ്മാനങ്ങൾ, മറ്റ് ചെലവുകൾ ഉൾപ്പെടെ 75,000/- രൂപ വരെ പരമാവധി ചെലവഴിക്കാവുന്നതാണ്.

മേൽ പ്രോജക്ട് പ്രകാരം ആകെ 75,000/- രൂപ ചെലവഴിച്ചിട്ടുണ്ട് (ചെക്ക് നമ്പർ 043432/15.1.2020). അതിൽ 17,500/- രൂപ കുന്നുകര അഹാന ഓഡിറ്റോറിയത്തിൽ സഹൃദയ മെലഡീസ് പ്രോഗ്രാം നടത്തിയ ഇനത്തിൽ വെൽഫെയർ സർവ്വീസസ് എറണാകുളത്തിന് നൽകിയിട്ടുള്ളതാണ്. സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഇപ്രകാരം പ്രോഗ്രാം നടത്തുന്നതിന് തുക ചെലവാക്കാവുന്നതല്ല. ഇത് സംബന്ധിച്ച് വിശദീകരണം നൽകണമെന്ന് ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയത് ഭിന്നശേഷിക്കാരായ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഒരു പ്രചോദനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് സഹൃദയ മെലഡീസിന്റെ പരിപാടി അവതരിപ്പിച്ചത് എന്നാണ്.
ഭിന്നശേഷിക്കാരായ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ഒരു പ്രചോദനം നൽകുക എന്ന ലക്ഷ്യം നേടുന്നതിനായാണ് അവർക്ക് കലാകായിക മത്സരങ്ങൾ നടത്തുന്നതിനും അവർക്ക് സമ്മാനം നൽകുന്നതിനായും 13-ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം 75,000/- രൂപ വരെ ചെലവഴിക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിരിക്കുന്നത്. അവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിപാടികളാണ് നടത്തേണ്ടത്. അതിനു പകരം പുറത്തുനിന്നുള്ള പരിപാടി നടത്തിയത് അനുവദിക്കാവുന്നതല്ല. ഇപ്രകാരം തുക ചെലവഴിക്കുമ്പോൾ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥർ പാലിക്കേണ്ടതാണ്.

## 1-19 ചെലവു രേഖകൾ ഇല്ല- തുക തടസ്സപ്പെടുത്തുന്നു.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവു വിവരങ്ങൾ പരിശോധിച്ചതിൽ ബിൽബുക്ക് പ്രകാരവും സാംഖ്യ ചെലവു പത്രിക പ്രകാരവും ഉള്ള മുഴുവൻ ചെലവുകളുടെയും ബില്ലുകളും മറ്റ് രേഖകളും പരിശോധനക്ക് ഹാജരാക്കാത്തതിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. ഏത്ത വാഴക്കൃഷി വികസനം, പ്രോജക്ട് നമ്പർ 25/19-20

| പരിശോധനക്കായി ലഭിച്ച സാംഖ്യ ബിൽ നമ്പർ തീയതി | തുക | സാംഖ്യ ചെലവു പത്രിക പ്രകാരം ഉള്ള ആകെ ചെലവ് തുക(വികസനഫണ്ട്) | വ്യത്യാസം |
|---|---|---|---|
| 801018506/31.12.19 | 75600 | | |
| 801018525/31.12.19 | 75600 | | |
| 801018516/31.12.19 | 87750 | | |
| 801018521/31.12.19 | 63450 | | |
| 801018531/31.12.19 | 94500 | | |
| 801018513/31.12.19 | 33075 | | |
| 801018510/31.12.19 | 69660 | | |
| 801018497/31.12.19 | 82350 | | |
| 801018501/31.12.19 | 88425 | | |
| 801018488/31.12.19 | 79650 | | |
| ആകെ | 750060 | 871020 | 120960 |

ബാക്കിയുള്ള 1,20,960/- രൂപയുടെ ചെലവു വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

2. ജാതിക്കൃഷി വികസനം, പ്രോജക്ട് നമ്പർ S0051/19-20

| പരിശോധനക്കായി ലഭിച്ച സാംഖ്യ ബിൽ നമ്പർ തീയതി | തുക | സുലേഖ ചെലവു പത്രിക പ്രകാരം ഉള്ള ആകെ ചെലവ് തുക(വികസനഫണ്ട്) | വ്യത്യാസം |
|---|---|---|---|
| 801018537/31.12.19 | 82296 | 162993 | 80697 |

80697/- രൂപയുടെ ചെലവു വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

3. പമ്പ് സെറ്റ് വിതരണം , പ്രോജക്ട് നമ്പർ എസ് 0052/20

| പരിശോധന ക്കായി ലഭിച്ച സാംഖ്യ ബിൽ | തുക | സുലേഖ ചെലവു പത്രിക പ്രകാരം ഉള്ള ആകെ ചെലവ് തുക(വികസനഫണ്ട്) | വ്യത്യാസം |
|---|---|---|---|

| നമ്പർ<br>തീയതി | | | |
|---|---|---|---|
| 801362022/<br>27.2.20 | 5412 | 18513 | 13101 |

13101/- രൂപയുടെ ചെലവു വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

4. നെൽക്കൃഷി വികസനം പ്രോജക്ട് നമ്പർ A) എസ് 0052/20,

B) എസ് 0099/20 (Spill Over)

ഈയിനത്തിൽ ചെലവാക്കിയ കുറച്ച് തുകകളുടെ ബില്ലുകൾ പരിശോധനയ്ക്കായി ലഭിച്ചു. എന്നാൽ സുലേഖ ചെലവുപത്രിക പ്രകാരം ചെലവാക്കിയ മുഴുവൻ തുകകളുടേയും രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| പരിശോധന ക്കായി ലഭിച്ച സാംഖ്യ ബിൽ നമ്പർ തീയതി | തുക | സുലേഖ ചെലവു പത്രിക പ്രകാരം രണ്ടു പദ്ധതികളിലുമായി ഉള്ള ആകെ ചെലവ് തുക(വികസനഫണ്ട് + ജില്ലാ പഞ്ചായത്ത്) | വ്യത്യാസം |
|---|---|---|---|
| 801490985/<br>23.3.19 | 11814 | | |
| 801453086/<br>21.3.19 | 93671 | | |
| 801452856/<br>21.3.19 | 99953 | | |
| 801453028/<br>21.3.19 | 44528 | | |
| 801452867/<br>20.3.19 | 64176 | | |
| 801452861/<br>20.3.19 | 34235 | | |
| 801453079/<br>21.3.19 | 99954 | | |
| 801453105/<br>21.3.19 | 66208 | | |
| 801453092/<br>21.3.19 | 63487 | | |
| 801410049/<br>21.3.19 | 80900 | | |
| ആകെ | 658926 | 1934260(850635 + 1083625) | 1275334 |

രണ്ട് പ്രോജക്ടുകളിലായി ആകെ 12,75,334/- രൂപയുടെ ചെലവു വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. ബില്ലിൽ പ്രോജക്ട് നമ്പർ രേഖപ്പെടുത്താത്തതിനാൽ ഏത് പ്രോജക്ട് പ്രകാരമാണ് ചെലവുകൾ വന്നിരിക്കുന്നത് എന്ന് വ്യക്തമല്ല.

5. കൃഷി ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങുന്നതിനായി ആകെ 55,320/- രൂപ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഭാഗത്തിൽ നിന്നും ചെലവാക്കിയിട്ടുണ്ട്. ആയതിന്റെ രേഖകളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

പരിശോധനക്ക് ലഭ്യമാക്കിയ ബില്ലുകൾക്കൊപ്പം പലരുടെയും അപേക്ഷകൾ ഇല്ല.

ഇത് സംബന്ധിച്ച് നമ്പർ 14 ആയി 1.2.2022 -ൽ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

രേഖകൾ പരിശോധനക്ക് നൽകാത്ത സാഹചര്യത്തിൽ മേൽപ്പറഞ്ഞ ചെലവ് തുകകളിൽ 15,45,412/- രൂപയുടെ ചെലവുകൾ തടസ്സത്തിൽ വയ്ക്കുന്നു.

## 1-20 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടിലെ അപാകതകൾ

1. എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

| ബിൽനമ്പർ,<br>തീയതി | പേര് | പഠിക്കുന്ന കോഴ്സ് | നൽകിയ തുക | അപാകത |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 800678255/14.10.19 | ആതിര കെ പി | PG Diploma In Computer Application | 20000 | ഡിപ്ലോമ കോഴ്സിന് 20000 രൂപ അർഹത ഇല്ല |
| | അക്ഷയ് ബാബു | UG Programme | 20000 | സർവ്വകലാശാല രജിസ്ട്രേഷൻ ലഭിച്ച രേഖ ഇല്ല |
| 800807718/12.11.19 | രേഷ്മ എ എസ് | കോഴ്സ് വിശദാംശം ഇല്ല | 20000 | കോഴ്സ് വിശദാംശം ഇല്ല |

2. ലാപ്പ് ടോപ്പ് വിതരണം (പ്രോജക്റ്റ് നമ്പർ 6/19-20)

സർക്കാർ /എയിഡഡ് / സ്വാശ്രയ സ്ഥാപനങ്ങളിലോ സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് ലാപ് ടോപ്പ് നൽകാവുന്നത്. എന്നാൽ അഫിലിയേഷൻ ഇല്ലാത്ത സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന കോഴ്സ് | സ്ഥാപനം | സ്ഥാപനത്തിന്റെ തരം |
|---|---|---|---|
| ആര്യ എം ആർ | ബി എ ഹിസ്റ്ററി | മഹാത്മാ ആർട്സ് & സയൻസ് കോളേജ്, പറവൂർ | പാരലൽ കോളേജ് |
| അഞ്ജന സി കെ | ബി എ ഇക്കണോമിക്സ് | ഡി പോൾ കോളേജ് , അങ്കമാലി | പാരലൽ കോളേജ് |
| അതുല്യ ബിജു | ബിഎസ് സി നഴ്സിംഗ് | ന്യൂ മാംഗളൂർകോളേജ് ഓഫ് നഴ്സിംഗ്, മംഗലാപുരം | അഫിലിയേഷൻ ഇല്ല |

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രേഖകൾ ഹാജരാക്കുന്നതാണ് എന്ന് അസിസ്റ്റന്റ് സെക്രട്ടറി മറുപടി നൽകിയെങ്കിലും ആയവ ഹാജരാക്കിയിട്ടില്ല. സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ പ്രൊജക്റ്റ് വഴിയുള്ള ആനുകൂല്യങ്ങൾ നല്കാവൂ എന്നത് നിർവ്വഹണോദ്യോഗസ്ഥരും, ഭരണസമിതിയും കർശനമായി പാലിക്കേണ്ടതാണ്.

## 1-21 തെരുവ് വിളക്ക് അറ്റകുറ്റപ്പണി - അപാകതകൾ

തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്കായി 2018-19 - ൽ പ്രോജക്റ്റ് നമ്പർ എസ് 0066/19 ആയി 9,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ഇ - ടെണ്ടർ ആയി ലഭിച്ചിരിക്കുന്നത് ആന്റണി കെ എൽ എന്നയാളുടെ ഒരു ടെണ്ടർ മാത്രമാണ്. ആയത് പ്രകാരം ടിയാളുമായി 1.12.2018 - ൽ 1/2018 നമ്പർ ആയി കരാർ വച്ചിട്ടുണ്ട്. കരാർ ഖണ്ഡിക രണ്ട് പ്രകാരം 1.12.2018 മുതൽ 31.11.2019 വരെ ഒരു വർഷത്തേക്ക് റിപ്പയർ ചെയ്ത് പ്രകാശിപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്ന വിളക്കുകളുടെ എണ്ണവും കരാർ വ്യവസ്ഥ 5 പ്രകാരം ഓരോന്നിനുമുള്ള നിരക്കുകളും താഴെപ്പറയും പ്രകാരമാണ്.

| സോഡിയം വേപ്പർ ലാമ്പ് | നിരക്ക് | റ്റ്യൂബ് സെറ്റ് | നിരക്ക് | സി എഫ് എൽ ലൈറ്റ് | നിരക്ക് |
|---|---|---|---|---|---|
| 52 | 300 | 400 | 700 | 1200 | 500 |

സോഡിയം വേപ്പർ ലാമ്പ് ടിയാൾ അറ്റകുറ്റപ്പണി നടത്തിയിട്ടില്ല. അതൊഴികെ ഈ നിരക്കുകൾ പ്രകാരം ആകെ ടിയാൾക്ക് നൽകേണ്ടത് 8,80,000/- രൂപയാണ്.

ടിയാൾക്ക് അറ്റകുറ്റപ്പണിക്കായി നൽകിയിരിക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക | റ്റ്യൂബ് സെറ്റിന്റെ എണ്ണം@700/- | എൽ ഇഡി ലൈറ്റിന്റെ എണ്ണം | സോഡിയം വേപ്പർ ലാമ്പ് |
|---|---|---|---|---|
| 2901371363/ 14.3.19(18-19) | 224058 | 70 | 587 | - |
| സ്പിൽ ഓവർ പ്രോജക്റ്റ് നമ്പർ S0133/20 | | | | |
| 2900292379/ 1.7.19 | 224058 | 27 | 390- | |

| | | | | |
|---|---|---|---|---|
| 2900602067/ 23.9.2019 | 224058 | 79 | 563 | - |
| 2901598909/ 25.3.20 | 250951 | 105 | 649 | - |
| ആകെ | 923125 | 281 | 2189 | - |

സി എഫ് എൽ വിളക്കിനാണ് നിരക്ക് കരാർ വച്ചതും ടിയാൾ കരാറിൽ കാണിച്ചിരിക്കുന്നതുമെങ്കിലും ടിയാൾ റിപ്പയർ ചെയ്തിരിക്കുന്നതായി കാണിച്ചിരിക്കുന്നത് എൽ. ഇ. ഡി ലൈറ്റ് ആണ്.

സോഡിയം വേപ്പർ ലാമ്പ് അറ്റകുറ്റപ്പണി നടത്തിയിട്ടില്ലാത്തതിനാൽ അതൊഴികെ കരാർപ്രകാരം ടിയാൾക്ക് നൽകേണ്ടത് 8,80,000/- രൂപയാണ് അതിനുപകരം 9,23,125/- രൂപ നൽകിയിട്ടുണ്ട്.

കരാർ പ്രകാരം ഉള്ള വിളക്കുകളുടെ എണ്ണവും നിരക്കുകളും കണക്കാക്കിയാൽ ടിയാൾക്ക് അധികമായി 43,125/- രൂപ നൽകിയിട്ടുണ്ട്.

ഇതു സംബന്ധിച്ച് വിശദീകരണം നൽകാത്ത സാഹചര്യത്തിൽ 43,125/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

## 1-22 ഡെപ്പോസിറ്റ് പ്രവൃത്തികൾ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2019-2020 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റി, Habitat Technology Group എന്നീ സ്ഥാപനങ്ങളിൽ താഴെപ്പറയും പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21900971 28/11/2019 | 1,50,00,000 | 0 | 1,50,00,000 |
| Habitat Technology Group | വിവിധ മരാമത്ത് പ്രവൃത്തികൾക്ക് അഡ്വാൻസ് | 51900446 22/07/2019 | 30,02,030 | 0 | 30,02,030 |
| Habitat Technology Group | ക്രിമിറ്റോറിയം ആധുനികവല്ക്കരണം | 51900950 20/11/2019 | 14,00,000 | 0 | 14,00,000 |
| | ആകെ | | 1,94,02,030 | 0 | 1,94,02,030 |

ഇതിൽ 1,50,00,000/- രൂപ വിവിധ വാർഡുകളിലെ പൈപ്പ് ലൈൻ എക്സ് റ്റെൻഷൻ പദ്ധതികൾക്കായി കേരള വാട്ടർ അതോറിറ്റിയിലും, 44,02,030/-രൂപ RURBAN പദ്ധതിയുടെ ഭാഗമായി ലഭിച്ച തുക വിവിധ പൊതുസ്ഥാപനങ്ങളുടെ നിർമ്മാണത്തിനായി ഹാബിറ്റാറ്റ് ടെക്നോളജീസ് ഗ്രൂപ്പ് എന്ന അക്രിഡറ്റഡ് ഏജൻസിക്കും മുൻകൂറായി നല്കിയതാണ്.

80,20,000/- രൂപ 2018-19 സാമ്പത്തികവർഷത്തിൽ ഹാബിറ്റാറ്റ് ടെക്നോളജീസ് ഗ്രൂപ്പ് എന്ന അക്രിഡറ്റഡ് ഏജൻസിക്ക് മുൻകൂർ നല്കിയിരുന്നു. 2019-2020 ടാക്സ് പോർഷൻ കൂടി ചേർത്ത് 30,02,030/- രൂപയും, ക്രിമിറ്റോറിയം ആധുനികവല്ക്കരിക്കുന്നതിന്റെ ഭാഗമായി 14,00,000/- രൂപയും മുൻകൂറായി നല്കിയിട്ടുണ്ട്.
മേൽപ്പറഞ്ഞ പ്രകാരം നിക്ഷേപിക്കപ്പെട്ട തുക ബന്ധപ്പെട്ട പ്രൊജക്ടുകൾക്കായി ചെലവഴിക്കപ്പെട്ടതായുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ആകെ നിക്ഷേപിച്ച ചെലവ് തുക 1,94,02,030/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 ഭിലായി നഗർ റോഡ് മെറ്റലിംഗ് & ടാറിംഗ്- റീടെൻഷൻ തുക രണ്ട് തവണ തിരികെ നൽകി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഭിലായി നഗർ റോഡ് മെറ്റലിംഗ് & ടാറിംഗ് |
| എഗ്രിമെന്റ് നം. | 64/AE/LSGD/KKA/2018-19 Dt.16/2/2019 |
| കരാറുകാരൻ | ശ്രീ ഷാജി എം. |
| നിർവ്വഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അളവ് പുസ്തക നമ്പർ | 398/ 18-19 |

റർബൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഭിലായി നഗർ റോഡ് മെറ്റലിംഗ് & ടാറിംഗ് വർക്കിന്റെ

ഫസ്റ്റ് & പാർട്ട് ബില്ലിൽ നിന്നും 49,969/-രൂപ റീടെൻഷൻ ഇനത്തിൽ കുറവ് ചെയ്യുകയുണ്ടായി. ടി റീടെൻഷൻ തുക വർക്കിന്റെ സെക്കൻഡ് & ഫൈനൽ ബിൽ തുകയായ 1,86,570/- ടൊപ്പം ചേർത്ത് മൊത്തം 2,36,539/- രൂപ കരാറുകാരന് ചെക്ക് നം.0240141 തീയതി 17/8/2019 പ്രകാരം നൽകകയുണ്ടായി.

| | Ist Part Bill | Iind & Final Bill |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 499691 | 197982 |
| കുറയ്ക്കുക: IT 1% | 4997 | 1980 |
| WWF 1% | 4997 | 1980 |
| SGST 1% | 4997 | 1980 |
| CGST 1% | 4997 | 1980 |
| Retension | 49969 | - |
| Sale Of Empty Barrel + GST | | 3652 |
| കരാറുകാരന് നല്കിയത് | 429734 | 186410 + 49969= 236379 |

എന്നാൽ കരാറുകാരന് റീടെൻഷൻ തുക തിരികെ നൽകുന്നതിനായി വീണ്ടും 49,969/- രൂപ ചെക്ക് നം. 0240680 തീയതി 3/9/2019 (വൗച്ചർ നം. 21900590/6.9.19) മുഖേന 6/9/2019 ൽ തനത് ഫണ്ടിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ളതായി കാണുന്നു. ചെക്കുകൾ എല്ലാം തന്നെ ഇഷ്യു ചെയ്തിട്ടുള്ളത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ പലിശ സഹിതം തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 സാമൂഹ്യ സുരക്ഷിതത്വ പെൻഷൻ വിതരണം - സേവന സേഫ്റ്റ്‌വെയർ വഴിയുള്ള വിതരണത്തിലെ അപാകതകൾ

കുന്നുകര ഗ്രാമ പഞ്ചായത്തിലെ 2019-20 സാമ്പത്തിക വർഷത്തെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി പെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കൾ തുകകൾ കൈപ്പറ്റിയത് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിൻറെ പേര്, ആധാർ നം. /പെൻഷൻ ഐ.ഡി | മരണപ്പെട്ട തീയതി, പെൻഷൻ ഇനം | അപാകത | തുക |
|---|---|---|---|---|
| 1. | ശ്രീമതി ഓമന, 816634144315 | 26.01.2019 കർഷക തൊഴിലാളി പെൻഷൻ (2018-ഡിസംബർ, 2019- ജനുവരി, ഫെബ്രുവരി,മാർച്ച്, ഏപ്രിൽ ) | മരണപ്പെട്ടതിനുശേഷമുള്ള മാസങ്ങളിൽ ബാങ്ക് അക്കൗണ്ടിൽ പെൻഷൻ തുക നിക്ഷേപിച്ചിരിക്കുന്നു. | 5600/- ഡി.ബി.റ്റി. റഫറൻസ് നം. 201801007 പി.എൻ.ആർ./യു.റ്റി.ആർ. നം.8973241429 |
| 2. | ജാനകി നാരായണൻ, ഇരിട്ടിയിൽ, അയിരൂർ പി.ഒ. 428311856653 | 12.02.2019 കർഷക തൊഴിലാളി പെൻഷൻ (2018-ഡിസംബർ, 2019- ജനുവരി, ഫെബ്രുവരി,മാർച്ച്, ഏപ്രിൽ ) | മരണപ്പെട്ടതിനുശേഷമുള്ള മാസങ്ങളിൽ ബാങ്ക് അക്കൗണ്ടിൽ പെൻഷൻ തുക നിക്ഷേപിച്ചിരിക്കുന്നു. | 5600/- ഡി.ബി.റ്റി. റഫറൻസ് നം. 201801007 പി.എൻ.ആർ./യു.റ്റി.ആർ. നം.8973241471 |
| 3. | അയ്യ, കുന്നംപുറത്ത് വീട്,സൗത്ത് അടുവാശ്ശേരി പി.ഒ., നോർത്ത് അടുവാശ്ശേരി. | 01.03.2019 കർഷക തൊഴിലാളി പെൻഷൻ (2018-ഡിസംബർ, 2019- ജനുവരി, | മരണപ്പെട്ടതിനുശേഷമുള്ള മാസങ്ങളിൽ ബാങ്ക് അക്കൗണ്ടിൽ പെൻഷൻ തുക നിക്ഷേപിച്ചിരിക്കുന്നു. | 5600/- ഡി.ബി.റ്റി. റഫറൻസ് നം. 201801007 പി.എൻ.ആർ./യു.റ്റി.ആർ. നം.8973243274 |

| | | | | |
|---|---|---|---|---|
| | | ഫെബ്രുവരി,മാർച്ച്, ഏപ്രിൽ ) | | |

മുകളിൽ പറഞ്ഞിരിക്കുന്ന ഗുണഭോക്താക്കളുടെ മരണശേഷമുള്ള മാസങ്ങളിൽ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്ന പെൻഷൻ തുക ഇപ്പോൾ ആരുടെ കൈവശമാണെന്നുള്ളതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാൻ എൻക്വയറി (നം.15/02.02.22) കൊടുത്തതിന്റെ അടിസ്ഥാനത്തിൽ, തുക അനർഹമായി കൈപ്പറ്റിയവരിൽ നിന്നും തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്തിൽ പെൻഷൻ വിതരണം നടത്തുന്ന എല്ലാ അക്കൗണ്ടുകളും ഓഡിറ്റിൽ പരിശോധിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ലായെന്ന് ഉറപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സേവന പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെൻറ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

മരണവിവരങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും വാർഡ് മെമ്പർമാരുടെ സഹകരണം അത്യാവശ്യമായതിനാൽ ഈ വിഷയത്തിലേക്ക് ക്ഷേമകാര്യ, ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 ഓഡിറ്റ് ഇംപാക്റ്റ്

രസീത് ബുക്ക് നം.54890 (രസീത്. നം. 22), രസീത് ബുക്ക് നം.54892 (രസീത്. നം. 82) എന്നിവ പ്രകാരം കളക്റ്റ് ചെയ്ത തുകയിൽ കുറവായി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയ തുക 361/-രൂപ, ഓഡിറ്റ് എൻക്വയറി (നം.8/29.01.2022) മുഖേന അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 01.02.2022 ലെ 11210104120 രസീത് പ്രകാരം അടവാക്കി.

## 1-26 ശ്യാമപ്രസാദ് മുഖർജി റർബൻ മിഷൻ - പദ്ധതിയുടെ ലക്ഷ്യപ്രാപ്തി മോണിറ്ററിംഗ് നടത്തണം.

ഗ്രാമപഞ്ചായത്തുകളെ സ്വയം പര്യാപ്തമാക്കാനുതകും വിധം അടിസ്ഥാന -പശ്ചാത്തല മേഖലയിലും, സേവനമേഖലയിലും വിവിധ പ്രോജക്റ്റുകൾ സംയോജിപ്പിച്ച് ഗ്രാമസ്വരാജ് എന്ന ലക്ഷ്യം മുൻനിർത്തി നടപ്പാക്കുന്ന ബൃഹത്തായ പദ്ധതിയാണ് ശ്യാമപ്രസാദ് മുഖർജി റർബൻ മിഷൻ. ഈ പദ്ധതി എറണാകുളം ജില്ലയിൽ കുന്നുകര, പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ട ക്ലസ്റ്ററിലാണ് നടപ്പാക്കിയത്. 2017 – 2018 ൽ ഇതുമായി ബന്ധപ്പെട്ട് ഈ രണ്ട് സമീപപഞ്ചായത്തുകളെ ഒറ്റ ക്ലസ്റ്ററാക്കി മാറ്റി ഡീറ്റയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് (DPR) തയ്യാറാക്കിയതിന് 03.07.2017 ൽ കൂടിയ നാഷണൽ റർബൻ മിഷൻ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ഇതു വഴി 30 കോടി രൂപ ക്രിട്ടിക്കൽ ഗ്യാപ് ഫണ്ട് (CGF) ഇനത്തിൽ കുന്നുകര-പുത്തൻവേലിക്കര ഗ്രാമ പഞ്ചായത്തുകൾക്ക് ലഭിക്കും.

കുന്നുകര ഗ്രാമപഞ്ചായത്തിനുവേണ്ടി തയ്യാറാക്കിയ DPR പ്രകാരം 11.25 കോടി രൂപയുടെ പ്രൊജക്റ്റുകളാണ് വിഭാവനം ചെയ്തിട്ടുണ്ടായിരുന്നത്. ഈ പ്രൊജക്റ്റുകളിൽ റോഡ് വികസനം, ഊർജ്ജസംരക്ഷണം, പൊതുകെട്ടിടങ്ങളുടെ നിർമ്മാണം, വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം, ആരോഗ്യ- സ്ത്രീ സുരക്ഷാ പദ്ധതികൾ എന്നിവ ഉൾപ്പെടുന്നു. വിശദമായ പ്രജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിവിധ അക്രഡിറ്റഡ് ഏജൻസികളുമായി ബന്ധപ്പെട്ട് കരാർ വെച്ച് മുൻകൂർ തുക നിക്ഷേപിച്ച് നടപ്പാക്കുന്ന പദ്ധതികളും, നേരിട്ട് ടെൻഡർ നടപടിക്രമങ്ങൾ പാലിച്ച് നടത്തുന്ന മരാമത്ത് ഉൾപ്പെടെയുള്ള പ്രൊജക്റ്റുകളും ഉണ്ട്. അക്രഡിറ്റഡ് ഏജൻസികളായ ഹാബിറ്റാറ്റ് ടെക്നോളജീസ് ഗ്രൂപ്പ്, ഇൻകെൽ എന്നിവയിലും, സംസ്ഥാന സർക്കാർ കമ്പനിയായ കെൽ, കെ.എസ്.ഇ.ബി, കെ.ഡബ്ല്യു.എ എന്നിവയിലും ഇപ്രകാരം ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി തുക നിക്ഷേപിച്ച് പ്രൊജക്റ്റുകൾ നടപ്പാക്കിയിട്ടുണ്ട്. റോഡ് നിർമ്മാണ പ്രവൃത്തികൾ എൽ.എസ്.ജി. ഡി. എൻജിനീയറിംഗ് വിഭാഗമാണ് നടപ്പാക്കിയത്. ഈ പദ്ധതികൾക്കുവേണ്ടി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ച അക്കൗണ്ടിൽ RURBAN Mission Fund ഇനത്തിൽ അലോട്ട് മെന്റ് ലഭിച്ചത് 02/2018 മുതൽ ക്രഡിറ്റ് ചെയ്തിരുന്നു.

| Date | Receipts | Expenditure | Balance As On 31/03/2020 |
|---|---|---|---|
| 15/02/2018 | 50,00,000 | | |
| 23/02/2018 | 23,62,832 | | |
| 03/04/2018 | 80,20,000 | | |
| 06/04/2019 | 1,50,00,000 | | |
| 04/05/2019 | 1,70,31,682 | | |
| 16/10/2019 | 2,91,05,903 | | |

| | | | |
|---|---|---|---|
| 01/01/2020 | 1,63,31,505 | | |
| Interest Upto 31/03/2020 | 635978 | | |
| Total | 8,99,65,973 | 8,93,29,995 | 6,35,978 |

കുന്നുകര ഗ്രാമപഞ്ചായത്തിൽ 2018-19 മുതൽ 2019-2020 വരെ നടപ്പാക്കിയ വിവിധ പദ്ധതികളുടെ അക്കൗണ്ട് മുഖേനയുള്ള ചെലവ് വിശദാംശങ്ങൾ താഴെപ്പറയുന്നു.

| Sl No. | Name Of Work | Project Outlay | Expenditure Upto 31.03.2020 | Type Of Implementation |
|---|---|---|---|---|
| 1 | സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 50,00,000 | 13,50,305 | Deposited In KSEB |
| 2 | സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ | | 36,49,695 | Direct Purchase- KSIE Palakkad |
| 3 | പകൽ വീട് നിർമ്മാണം | 65,39,000 | 61,74,499 | Implemented By Habitat Technologies Group |
| 4 | വനിത റെസിഡൻഷ്യൽ ട്രയിനിംഗ് സെന്റർ I & II Phases | 30,00,000 | 28,50,000<br>10,07,525 | Implemented By Habitat Technologies Group |
| 5 | അംഗൻവാടി നിർമ്മാണം | 37,77,730 | 18,42,950 | Implemented By Habitat Technologies Group |
| 6 | ഇ- ലിറ്ററസി സെന്റർ | 85,00,000 | 79,48,441 | Implemented By Habitat Technologies Group |
| 7 | പി.എച്ച് .സി പുനരുദ്ധാരണം | 1,47,43,000 | 92,74,200 | Implemented By Habitat Technologies Group |
| 8 | കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം | 70,56,000 | 11,68,749 | Implemented By Habitat Technologies Group |
| 9 | ചാലാക്ക സ്കൂൾ കെട്ടിടനിർമ്മാണം | 1,21,19,000 | 96,63,005 | Implemented By Habitat Technologies Group |
| 10 | കന്നുവയൽ ഗവ. എൽ.പി. സ്കൂൾ നിർമ്മാണം | 30,91,000 | 35,09,591 | Implemented By Habitat Technologies Group |
| 11 | സബ് സെന്റർ പുനരുദ്ധാരണം | 25,00,000 | 10,58,210 | Implemented By Habitat Technologies Group |
| 12 | ബഡ്സ് സ്കൂൾ നിർമ്മാണം | 66,58,000 | 47,50,000 | Implemented By Habitat Technologies Group |
| 13 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1,50,00,000 | 1,50,00,000 | Deposited In KWA-not Completed |
| 14 | സോളാർ പവർ പ്ലാന്റ് | 43,46,229 | 43,46,229 | Implemented By KEL |
| 15 | സ്കൂളുകൾക്ക് ബസുകൾ വാങ്ങൽ | 24,78,860 | 24,78,860 | Direct Purchase As Per Rules |
| 16 | പുതിയ റോഡുകളുടെ നിർമ്മാണം | 1,60,13,061 | 1,18,48,684 | LSGD |
| 17 | ക്രിമിറ്റോറിയം - ആധുനികവല്ക്കരണം | 14,00,000 | 14,00,000 | Deposited In Habitat Technologies Group-not Completed |
| 18 | വെള്ളത്തോടൻ ചിറ പുനരുദ്ധാരണം | 7,00,000 | 0 | Joint Venture Project With Puthenvelikkara GP |
| 19 | നിർവ്വഹണച്ചെലവ് | | 6,350<br>2702 | Tender & Other Administrative Expenses |
| | Total | 11,20,21,880 | 8,93,29,995 | |

1) 16/03/2018 ൽ ഹാബിറ്റാറ്റ് ടെക്നോളജീസ് ഗ്രൂപ്പുമായി പഞ്ചായത്ത് വെച്ച കരാർ പ്രകാരം ടി സ്ഥാപനത്തിൽ

ഡെപ്പോസിറ്റ് പ്രവർത്തിയായി ചെയ്യുന്ന പ്രൊജക്റ്റുകളുടെ ആകെ അടങ്കലിന്റെ 20% തുക അഡ്വാൻസായി നല്കണമായിരുന്നു. അത് പ്രകാരം 1,10,22,030/- (80,20,000/- + 30,02,030-) രൂപ രണ്ട് ഗഡുക്കളായി ഹാബിറ്റാറ്റ് ടെക്നോളജീസ് ഗ്രൂപ്പിൽ നിക്ഷേപിച്ചിരുന്നു. പിന്നീട് പ്രവൃത്തികളുടെ വിവിധഘട്ടങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് തുക നല്കുന്ന രീതിയാണ് അനുവർത്തിച്ചിരുന്നത്.

2) കെ.എസ്.ഇ.ബി. കെൽ, ഇൻകെൽ, കെ.ഡബ്ല്യു.എ. എന്നീ സ്ഥാപനങ്ങളിലും വിവിധ പ്രൊജക്റ്റുകൾക്കായി തുക മുൻകൂർ നിക്ഷേപിച്ചിരുന്നു.

3) 01/2020നുശേഷം കേന്ദ്രാവിഷ്കൃതഫണ്ട് പഞ്ചായത്തിന്റെ RURBAN അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ല. പ്രൊജക്റ്റിന് ചെലവാകുന്ന തുക PFMS വഴി നേരിട്ട് നിർവ്വഹണഏജൻസികൾക്ക് നല്കുകയാണ് ചെയ്തുവരുന്നത്.

പദ്ധതികൾ പൂർത്തീകരിക്കപ്പെട്ടിട്ടില്ല .

1) ക്രിമിറ്റോറിയം - ആധുനികവല്ക്കരണം എന്ന പ്രൊജക്റ്റിനുവേണ്ടി 01/11/2019 ൽ ഹാബിറ്റാറ്റ് ടെക്നോളജീസ് ഗ്രൂപ്പുമായി പഞ്ചായത്ത് കരാർ വെച്ചതിൻപ്രകാരം ആകെ അടങ്കൽ തുകയായ 70,00,000/- രൂപയുടെ 5% തുകയായ 14,00,000/- രൂപ ടി സ്ഥാപനത്തിന് മുൻകൂറായി നല്കിയിട്ടുണ്ട്. (ചെക്ക് നം. 040160/ 20.11.2019) എന്നാൽ ഈ ക്രിമിറ്റോറിയത്തിന്റെ പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല.

2) കുടിവെള്ള പൈപ്പ് ലൈൻ എക്സ് റ്റെൻഷൻ എന്ന പ്രൊജക്റ്റിനുവേണ്ടി കെ.ഡബ്ല്യു.എ.-യിൽ 1,50,00,000/- രൂപ നിക്ഷേപിച്ചതിന്റെ പൂർത്തീകരണവിവരം ലഭ്യമല്ല.

പദ്ധതി മോണിറ്ററിംഗ് കാര്യക്ഷമമാക്കണം

വിവിധ അക്രിഡിറ്റഡ് ഏജൻസികളുമായി കരാർ വെച്ചതിൻപ്രകാരം മുൻകൂർ തുക നല്കുകയും, 01/2020വരെ RURBAN അക്കൗണ്ടിൽ നിന്ന് ബിൽ തുക നല്കുകയുമാണ് ചെയ്തിരുന്നത്. പിന്നീട് പ്രവൃത്തികളുടെ വിവിധഘട്ടങ്ങൾക്ക് ചെലവാകുന്ന തുക PFMS വഴി നേരിട്ട് നിർവ്വഹണഏജൻസികൾക്ക് നല്കുന്ന സംവിധാനം വന്നതിനുശേഷം പല പ്രൊജക്റ്റുകളുടെയും യഥാർത്ഥചെലവ് വിവരം പഞ്ചായത്തിൽ ലഭ്യമല്ല. പ്രവൃത്തി പൂർത്തിയായ പൊതുആസ്തികൾ പഞ്ചായത്തിന്റെ ആസ്തി വിവരത്തിൽ ചേർക്കുകയും, ഈ പദ്ധതിയുടെ DPR ൽ വിഭാവനം ചെയ്ത ഭൗതിക ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന വിശദമായ പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഭിലായി നഗർ റോഡ് മെറ്റലിംഗ് & ടാറിംഗ്- റീടെൻഷൻ തുക രണ്ട് തവണ തിരികെ നൽകി

| | |
|---|---|
| പ്രവൃത്തിയുടെ പേര് | ഭിലായി നഗർ റോഡ് മെറ്റലിംഗ് & ടാറിംഗ് |
| എഗ്രിമെന്റ് നം. | 64/AE/LSGD/KKA/2018-19 Dt.16/2/2019 |
| കരാറുകാരൻ | ശ്രീ ഷാജി എം. |
| നിർവ്വഹണോദ്യോഗസ്ഥ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അളവ് പുസ്തക നമ്പർ | 398/ 18-19 |

റർബൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഭിലായി നഗർ റോഡ് മെറ്റലിംഗ് & ടാറിംഗ് വർക്കിന്റെ ഫസ്റ്റ് & പാർട്ട് ബില്ലിൽ നിന്നും 49,969/-രൂപ റീടെൻഷൻ ഇനത്തിൽ കുറവ് ചെയ്യുകയുണ്ടായി. ടി റീടെൻഷൻ തുക വർക്കിന്റെ സെക്കൻഡ് & ഫൈനൽ ബിൽ തുകയായ 1,86,570/- ടൊപ്പം ചേർത്ത് മൊത്തം 2,36,539/- രൂപ കരാറുകാരന് ചെക്ക് നം.0240141 തീയതി 17/8/2019 പ്രകാരം നൽകുകയുണ്ടായി.

| | Ist Part Bill | IInd & Final Bill |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | 499691 | 197982 |

| | | |
|---|---|---|
| കുറയ്ക്കുക: IT 1% | 4997 | 1980 |
| WWF 1% | 4997 | 1980 |
| SGST 1% | 4997 | 1980 |
| CGST 1% | 4997 | 1980 |
| Retension | 49969 | - |
| Sale Of Empty Barrel + GST | | 3652 |
| കരാറുകാരന് നല്കിയത് | 429734 | 186410 + 49969= 236379 |

എന്നാൽ കരാറുകാരന് റീടെൻഷൻ തുക തിരികെ നൽകുന്നതിനായി വീണ്ടും 49,969/- രൂപ ചെക്ക് നം. 0240680 തീയതി 3/9/2019 (വൗച്ചർ നം. 21900590/6.9.19) മുഖേന 6/9/2019 ൽ തനത് ഫണ്ടിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ളതായി കാണുന്നു. ചെക്കുകൾ എല്ലാം തന്നെ ഇഷ്യൂ ചെയ്തിട്ടുള്ളത് അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ പലിശ സഹിതം തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരി ശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-2020 | 22.01.2022 മുതൽ 31.01.2022 വരെ | 2019-2020 ഓഡിറ്റിനൊപ്പമാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. |

അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഖണ്ഡിക 1-2-1 ൽ ചേർത്തിട്ടുണ്ട്.

## 4-2 സംയുക്ത പ്രൊജക്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2019-20 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1800220 | ലൈഫ് ഭവന പദ്ധതി-ജനറൽ | 100000 | 1700220 |
| | 2019-20 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | 2019-20 | 150304 | ഭിന്ന ശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 250304 | 0 |
| | 2019-20 | 100000 | ക്ഷീരകർഷകർക്ക് സബ്സിഡി | 100000 | 0 |
| | ആകെ | 2250524 | | 650304 | 1700220 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 80533 | നെൽകൃഷി വികസനം | 80533 | 0 |
| | 2019-20 | 52750 | ക്ഷീരകർഷകർക്ക് സബ്സിഡി | 52750 | 0 |
| | 2019-20 | 200000 | ഭിന്ന ശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 200000 | 0 |
| | ആകെ | 333283 | | 333283 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കുകളുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽപൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 21900971 28/11/2019 | 1,50,00,000 | 0 | 1,50,00,000 |
| Habitat Technology Group | വിവിധ മരാമത്ത് പ്രവൃത്തികൾക്ക് അഡ്വാൻസ് | 51900446 22/07/2019 | 30,02,030 | 0 | 30,02,030 |
| Habitat Technology Group | ക്രിമിറ്റോറിയം ആധുനികവല്ക്കരണം | 51900950 20/11/2019 | 14,00,000 | 0 | 14,00,000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-5 വായ്പാ -വായ്പ തിരിച്ചടവ്

വായ്പ എടുത്തിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1,00,00,000 |
| തൻവർഷം നിക്ഷേപിച്ച തുക | 50,00,000 |
| പലിശ ലഭ്യമായത് | 6,39,054 |
| ആകെ | 1,56,39,054 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,56,39,054 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ബാങ്കിന്റെ പേര് | തുക | നിക്ഷേപത്തിന്റെ വിവരം |
|---|---|---|
| Union Bank Kunnukara Branch | 53,10,923 | Rt. No. 369673/ 25.10.2019 |
| Union Bank Kunnukara Branch | 53,28,131 | Rt. No. 369763/ 26.03.2020 |
| State Bank Of India, Kuthiyayhodu Branch | 50,00,000 | Rt. No.369698/ 20.03.2020 |
| ആകെ | 1,56,39,054 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവൊന്നുമില്ല.

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99 ഖ. 13 | 2003-04 ഖ - 14 | വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തത്- അധിക ചെലവ് 66130/- രൂപ | പാലക്കാട് ജില്ലാ കളക്ടറുടെ റവന്യൂ റിക്കവറി നടപടികൾ തുടർന്നു വരുന്നു. |
| 2016-17 ഖ 2-2 | 2016-17 | KSEB യുടെ സ്ഥാപന തൊഴിൽ നികുതി അടവാക്കാത്തത് | രസീത് നം. 11606500040/ 25.1.2017 പ്രകാരം 2500/- രൂപ അടവാക്കി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 130125401 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 135035457 |
| വരവിനങ്ങളിലുള്ള നഷ്ടം | 2250 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 49,969 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 20990567 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| വർഷം | ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2019-20 | 1-13 | 2250 | - | ജെയിൻ വർഗ്ഗീസ് പാത്താടൻ, സെക്രട്ടറി |
| 2019-20 | 1-23 | - | 49,969 | വീണ എസ്. അസിസ്റ്റന്റ് എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 1545412 | ശ്രീമതി. ലക്ഷ്മിശ്രീ സി.എസ്. കൃഷി ഓഫീസർ |

| | | |
|---|---|---|
| 1-22 | 19402030 | ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 1-21 | 43125 | ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ, സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| ആകെ | 2,09,90,567 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥ |
|---|---|---|
| ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വീണ എസ്. അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ | നാരായണത്ത്, ചെറുശ്ശേരിഭാഗം, ചവറ പി.ഒ, കൊല്ലം |
| ജെയിൻ വർഗ്ഗീസ് പാത്താടൻ, സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ വീട് അന്നമനട |

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ലക്ഷ്മിശ്രീ കൃഷി ഓഫീസർ | കൃഷി ഓഫീസർ | ശ്രീമതി. ലക്ഷ്മിശ്രീ സി.എസ്. ശ്രീമൂലനഗരം |
| ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ സെക്രട്ടറി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി ഗ്രാമപഞ്ചായത്ത് പാറക്കടവ് | ശ്രീ. ജെയിൻ വർഗ്ഗീസ് പാത്താടൻ വീട് അന്നമനട |
| ശ്രീമതി. വീണ എസ്. അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി | നാരായണത്ത്, ചെറുശ്ശേരി ഭാഗം, ചവറ പി.ഒ, കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി3)339/98 തീയതി 14.10.98 |
| 1997-98 | എൽ.എഫ്.ഇ(പി3)1582/98 തീയതി 30.06.00 |
| 1998-99 | എൽ.എഫ്.ഇ(പി3)339/98 തീയതി 14.10.98 |
| 1999-00 | എൽ.എഫ്.ഇ(പി3)1175/ തീയതി 01.06.04 |
| 2000-01, 2001-02 | എൽ.എഫ്.ഇ(പി3)947/04 തീയതി 01.01.05 |
| 2002-03 (ചെലവ്) | എൽ.എഫ്.ഇ(പി3)1304/ തീയതി 22.02.04 |
| 2003-04 | എൽ.എഫ്.ഇ(പി3)16/07 തീയതി 13.02.08 |
| 2004-05 | എൽ.എഫ്.ഇ(പി3)274/09 തീയതി 11.01.10 |
| 2005-06 | എൽ.എഫ്.ഇ(പി3)274/09 തീയതി 11.01.10 |
| 2007-08 | എൽ.എഫ്.ഇ(പി3)991/08 തീയതി 11.05.09 |
| 2008-09 | എൽ.എഫ്.ഇ(പി3)843/11 തീയതി 23.12.11 |
| 2009-10 | എൽ.എഫ്.ഇ(പി3)1805/11 തീയതി 21.10.11 |
| 2010-11 | എൽ.എഫ്.ഇ(പി3)1806/11 തീയതി 21.10.11 |
| 2014-15 | എൽ.എഫ്.ഇ(പി11)880/16 തീയതി 07.06.16 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി11)1908/16 തീയതി 30.11.2016 |

| | |
|---|---|
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി11)1266/17<br>തീയതി 21.7.2017/ 26.9.2017 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി11)173/19<br>തീയതി 05.02.2019 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി11)1580/19<br>തീയതി 15.11.19/29.01.20 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഫീസ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കുന്നുകര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്